"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം- ശ്രീമതി.നസീമാബീവി ഫയൽ ചെയ്ത റിട്ട് ഹർജി നം.31902/2017 ലെ ബഹു.ഹൈക്കോടതിയുടെ 06.12.2018 ലെ വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്**

സ.ഉ.(സാധാ) നം.5763/2022/GEDN തീയതി,തിരുവനന്തപുരം, 06-10-2022

---

പരാമർശം:-

1 ശ്രീമതി.നസീമാബീവി ഫയൽ ചെയ്ത റിട്ട് ഹർജി നം.31902/2017

2. ശ്രീമതി.നസീമാബീവി ഫയൽ ചെയ്ത റിട്ട് ഹർജി നം.31902/2017 ലെ ബഹു.ഹൈക്കോടതിയുടെ 06.12.2018 ലെ വിധിന്യായം

3 അപ്പീൽ നം.1450/19 ന്മേലുള്ള 04.10.2019ലെ വിധിന്യായം

4 13/8/2021 ലെ എസ് എൽപി 21453/2020 ന്മേലുള്ള വിധിന്യായം

5 പാലക്കാട് വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ 24/08/2022 ലെ കത്ത്

**ഉത്തരവ്**

ശ്രീമതി.നസീമാബീവി പരാമർശം 1 പ്രകാരം ബഹു ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഹർജിയിന്മേലുള്ള പരാമർശം 2 ലെ വിധിന്യായത്തിൽ ടിയാൾ തസ്തിക നഷ്ടം നിമിത്തം റീട്രഞ്ച് ചെയ്യപ്പെട്ട 15.07.2008 മുതൽ 21.06.2012 വരെയുള്ള കാലയളവ് പെൻഷനും മറ്റ് ആനുകൂല്യങ്ങൾക്കും കണക്കാക്കുന്നതിനാണ് ബഹു.കോടതി വിധിച്ചിരുന്നു. ഇതിനെതിരെ സർക്കാർ ഫയൽ ചെയ്ത അപ്പീൽ പരാമർശം 3 പ്രകാരം നിരസിച്ചിരുന്നു. ആയതിനാൽ മേൽ റിട്ട് അപ്പീൽ വിധിന്യായത്തിനെതിരെ ഫയൽ ചെയ്ത എസ്എൽ പി ബഹു. സുപ്രീം കോടതി പരാമർശം 4 പ്രകാരം റദ്ദ് ചെയ്തിരുന്നു.

2. സർക്കാർ ഈ വിഷയം നിലവിലെ ചട്ടങ്ങൾ ഉത്തരവുകൾ ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ പരിശോധിച്ചു.

3.എരുത്തേമ്പതി എസ്.പി.എ.യു.പി.എസിലെ അറബിക് ടീച്ചറായി സർവീസിൽ നിന്നും വിരമിച്ച ശ്രീമതി നസീമ ബീവി, ഹർജിക്കാരിയുടെ തസ്തിക ലഭ്യമല്ലാതെ റീട്രഞ്ച് ചെയ്യപ്പെട്ട 15.07.2008 മുതൽ 21.06.2012 വരെയുള്ള കാലയളവ് ഒരു പ്രത്യേക കേസായി പരിഗണിച്ച്

പെൻഷനും മറ്റ് ആനുകൂല്യങ്ങൾക്കും കണക്കാക്കിക്കൊണ്ട് തുടർ നടപടികൾ സ്വീകരിക്കുന്നതിന് പാലക്കാട് വിദ്യാഭ്യാസ ഉപ ഡയറക്ടർക്ക് നിർദ്ദേശം നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഇപ്രകാരം ബഹു.ഹൈക്കോടതിയുടെ പരാമർശം 2 ലെ വിധിന്യായം പാലിച്ചിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUNITHA.S.GEORGE
അണ്ടർ സെക്രട്ടറി

പകർപ്പ്:-

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

വിദ്യാഭ്യാസ ഉപ ഡയറക്ടർ, പാലക്കാട്.

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, ചിറ്റൂർ

ശ്രീമതി.നസീമ ബീവി.എം., ഫുൾടൈം അറബിക് ടീച്ചർ,(റിട്ട.), എസ്.പി.എ അപ്പർ പ്രൈമറി സ്കൂൾ, എരുത്തേമ്പതി,ചിറ്റൂർ, പാലക്കാട്

മാനേജർ, എസ്.പി.എ അപ്പർ പ്രൈമറി സ്കൂൾ, എരുത്തേമ്പതി ,ചിറ്റൂർ, പാലക്കാട്

ഹെഡ് മാസ്റ്റർ, എസ്.പി.എ അപ്പർ പ്രൈമറി സ്കൂൾ, എരുത്തെൻപതി,ചിറ്റൂർ, പാലക്കാട്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

പൊതുജന സമ്പർക്ക പ്രസിദ്ധീകരണ വിഭാഗം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

**Signed by Mini.t.r.**
**Date: 06-10-2022 11:42:46**
സെക്ഷൻ ഓഫീസർ